പിറവം പഞ്ചായത്തിൽ കെ. എസ്. ആർ. ടി. സി. ഡിപ്പോ

104 [1310] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിൽ കെ. എസ്. ആർ. ടി. സി. ഡിപ്പോ ആരംഭിക്കുന്നതിന് എന്നാണ് തറക്കല്ലിട്ടത് ;

(ബി) ഇതിലേക്കായി പഞ്ചായത്ത് എത്ര ഏക്കർ സ്ഥലം വിട്ടുകൊടുത്തു എന്ന് അറിയിക്കാമോ ;

(സി) ബസ് സ്റ്റാന്റിന്റെ നിർമ്മാണത്തിനായി എം. എൽ. എ. ഫണ്ടിൽ നിന്നും എന്തു തുക ലഭിച്ചു ;

(ഡി) ബസ് സ്റ്റാന്റ് പണിയുന്നതിനായിട്ട് കെ. എസ്. ആർ. ടി. സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) ഇതിന്റെ പണികൾ ആരംഭിച്ചുവോ ;

(എഫ്) ഇല്ലെങ്കിൽ എന്നത്തേക്ക് പണികൾ ആരംഭിക്കും ?

ഉത്തരം

(എ) 10-2-2004-ൽ.

(ബി) 2 ഏക്കർ 80.5 സെന്റ് സ്ഥലം.

(സി) 76 ലക്ഷം രൂപ.

(ഡി) ബസ് സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായിട്ടുള്ള ടെൻഡർ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വർക്ക് അവാർഡു ചെയ്യുകയും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ) പണി ആരംഭിച്ചിട്ടില്ല.

(എഫ്) പണി താമസംവിനാ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ടംകുളങ്ങര ബസ് സ്റ്റോപ്പ്

105 [1311] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-ഉള്ളിയേരി റൂട്ടിൽ ഓടുന്ന സൂപ്പർഫാസ്റ്റ് അടക്കമുള്ള ബസ്സുകൾ ജില്ലാ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്ന കണ്ടംകുളങ്ങര നിർത്തുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മാവൂരിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്

106 [1312] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ-കോഴിക്കോട് റൂട്ടിലെ കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസ് നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി. യുടെ ഒരു ബസ്സുപോലും ഓടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ റൂട്ടിൽ ഒരു കെ. എസ്. ആർ. ടി. സി. ബസ് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്ന് മുതൽ ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ബസ് ഓടിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) പരിഗണിക്കുന്നുണ്ട്. ഈ റൂട്ടിൽ ഒരു ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റിനോടനുബന്ധിച്ച കെട്ടിടം

107 [1313] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) കെട്ടിട നിർമ്മാണം ബി. ഒ. ടി. അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് ആരെയാണ് ഏൽപ്പിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly